**2009 ഡിസംബർ 25**

# യൽദാപ്പെരുന്നാൾ
# (ക്രിസ്തുമസ്)

**മത്താ 2:1–12**

**ഫാ. വർഗീസ് സാമുവേൽ**

“അറിവിനുവേണ്ടി വിളിച്ചപേക്ഷിക്കുക. നീ അതിനെ വെള്ളിയെന്നപോലെ, നിഗൂഢ നിധിയെന്നപോലെ അന്വേഷിക്കുകയും ചെയ്യുക”(സുഭാ 2:3–4). ജ്ഞാനികൾ തേടുന്നത് സർവ്വജ്ഞാനത്തെയാണ്. പൗരസ്ത്യ ദേശത്തുനിന്നും ദൈവപുത്രനെ തേടിയുള്ള ത്യാഗ പൂർണമായ യാത്ര ഓരോ മനുഷ്യന്റെ ഉള്ളിലുമുള്ള ദൈവാനുഭവത്തിന്റെ അന്വേഷണ ത്തിന്റെ ബഹിർസ്ഫുരണമാണ്. ആ യാത്രയിൽ പലരും അവരെ പിൻതിരിപ്പിക്കാൻ തുനിഞ്ഞിട്ടുണ്ടാകും. ലക്ഷ്യം വലുതായതിനാൽ പ്രതിസന്ധികളിൽ തളരാതെ അവർ മുന്നേറി. ലോകവും ജഡവും പിശാചും ദൈവദർശനത്തിൽനിന്നും നമ്മെ പിന്തിരിപ്പി ക്കാൻ ശ്രമിക്കുമ്പോൾ കർത്താവിനെ തേടിയ ജ്ഞാനികൾ നമുക്ക് മാതൃകളാകട്ടെ.

ജറുസലേമിൽ എത്തിച്ചേർന്ന ജ്ഞാനികൾ രാജകുമാരനെ തേടി രാജകൊട്ടാര ത്തിലെത്തുന്നു. മനുഷ്യന്റെ പ്രായോഗിക ബുദ്ധിയുടെ തലത്തിൽ നിന്നുള്ള ഒരു അന്വേ ഷണമാണിത്. ഹേറോദോസിന്റെ കൊട്ടാരത്തിൽ അവർ എത്തിയപ്പോൾ അവർക്കു വഴി കാട്ടിയായി നിന്ന നക്ഷത്രം അവർക്കു മുന്നിൽ മറഞ്ഞു. “അവിടുത്തെ വിട്ടകലാതെ ചേർന്നുനിൽക്കുക” (പ്രഭാ 9:3). ദൈവദർശനങ്ങളെവിട്ട് അനീതിയുടെ കൂടാരങ്ങളിൽ അന്വേഷണം ആരംഭിച്ചപ്പോൾ കിട്ടേണ്ട ബോധ്യങ്ങൾ നഷ്ടമാകുന്നു. സങ്കീർത്തകൻ പറയുന്നു, അനീതിയുടെ കൂടാരത്തിൽ വസിക്കുന്നതിനേക്കാൾ എന്റെ കർത്താവിന്റെ ആലയത്തിലെ വാതിൽ സൂക്ഷിപ്പുകാരനാകാനാണ് താൻ ഇഷ്ടപ്പെടുന്നത്. ദൈവം നൽകിയ ജ്ഞാനം സജ്ജനങ്ങളോടു ചേരുമ്പോൾ വർദ്ധിക്കും. ദുഷ്ടരോടു ചേരുമ്പോൾ ജ്ഞാനം കെട്ടുപോകും.

യേശുക്രിസ്തുവിന്റെ ജനനം ഹേറോദേസിന് സമ്മാനിച്ചത് അസ്വസ്ഥതയാണ്. ദൈവികമായിട്ടുള്ള എല്ലാ കാര്യങ്ങളും അനീതി പ്രവർത്തിക്കുന്നവർക്ക് നൽകുന്നത് അസ്വ സ്ഥതയാണ്. ഇവിടെ ഹേറോദേസും അന്വഷണം നടത്തുന്നു. നന്മ തേടിയുള്ള അന്വേ ഷണമല്ല, നാശത്തിനായുള്ള അന്വേഷണം. അനുചരർ ഈശോയുടെ ജന്മസ്ഥലം അറി യിക്കുമ്പോൾ – കുറുക്കനായ ഹേറോദേസ് ജ്ഞാനികളിലേക്കും അന്വേഷണം വ്യാപിപ്പി ക്കുന്നു. നാശം അന്വേഷിക്കുന്ന വ്യക്തി നന്മയിലും വിഷം കലർത്തും.

യൂദായിലെ മറ്റു നഗരങ്ങളേക്കാൾ ശ്രേഷ്ഠത ബേത്‌ലഹേമിനുണ്ടായത് യേശുജനിച്ച സ്ഥലമായതുകൊണ്ടാണ്. പാപിക്ക് ദൈവവചനം ഇണങ്ങുകയില്ല. ഹേറോദേസിനും വചനമായ ദൈവം ശത്രുവായി. അസ്വസ്ഥതയിൽ നിന്നുള്ള ഹേറോദേസിന്റെ വളർച്ച നിഷ്ക്കളങ്ക ശിശുക്കളുടെ കൊലപാതകങ്ങളിലേക്കായിരുന്നു. ഹേറോദേസിന്റെ കൊട്ടാ രംവിട്ട് ജ്ഞാനികൾ പുറത്തിറങ്ങിയപ്പോൾ അവർക്കു മുമ്പിൽ നക്ഷത്രം വീണ്ടും പ്രത്യ ക്ഷപ്പെട്ടു. ഒഴിവാക്കേണ്ടവ ഒഴിവാക്കുമ്പോൾ ദൈവം വീണ്ടും നമ്മെ നയിക്കും.

ആകാശനക്ഷത്രങ്ങൾ മണ്ണിൽ അലങ്കാര നക്ഷത്രങ്ങളായത് വിണ്ണിലെ ദൈവം മണ്ണി ലേക്കിറങ്ങിയപ്പോഴാണ്. തന്റെ പിതാവുമായുള്ള സമാനത നിലനിറുത്തേണ്ടുന്ന കാര്യ മായി പരിഗണിക്കാതെയവിടുന്ന് ദാസന്റെ വേഷം ധരിച്ചു. നക്ഷത്രം ശിശു കിടക്കുന്ന സ്ഥലത്തിനു മുകളിൽ വന്നുനിന്നു. ആകാശം ദൈവത്തിന്റെ മഹത്വത്തെ പ്രഘോഷി ക്കുന്നു, ആകാശത്തട്ട് അവന്റെ കരവേലയെ കാണിക്കുന്നു.

മനുഷ്യനെ ദൈവസന്നിധിയിലെത്തിക്കാൻ ദൈവം പ്രപഞ്ചശക്തികളെപ്പോലും

ഉപയോഗിക്കുന്നു. പത്രോസിന്റെ മാനസാന്തരത്തിനായിട്ട് ഒരു കോഴിയുടെ കൂവലിൽ ദൈവം മാനസാന്തരത്തിന്റെ മരുന്ന് ഒളിപ്പിച്ചുവച്ചു. നക്ഷത്രം കണ്ടപ്പോൾ അവർ അത്യധികം സന്തോഷിച്ചു. തേടിയതും നേടിയതും ഒന്നാകുമ്പോൾ അതാണ് ജന്മത്തിന്റെ സഫലത. അവർ ആരാധനയോടെ നിക്ഷേപ പാത്രങ്ങളിൽ നിന്നും പൊന്നും കുന്തിരിക്കവും മീറയും കാഴ്ചവച്ചു. പൊന്ന് രാജത്വത്തിന്റെ അടയാളം. കുന്തരിക്കം നിത്യപൗരോഹിത്യത്തിന്റെ അടയാളം. മീറ മരിക്കുവാനിരിക്കുന്നവന്റെ ശ്രേഷ്ടതയുടെ അടയാളം.

വീണ്ടും ഹേറോദേസിന്റെ കൊട്ടാരത്തിലേക്ക് പോകരുത്. ഓരോ ദൈവസാമിപ്യത്തെയും തുടർന്ന് ദൈവം തരുന്ന ആഹ്വാനമിതാണ്. നേട്ടമെന്നു കരുതിയ ദുഷ്ടതയുടെ കൊട്ടാരങ്ങളും ഹേറോദേസുമാരുടെ ചങ്ങാത്തവും നിനക്കു ചേർന്നതല്ല. വിശുദ്ധി കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുക സാദ്ധ്യമല്ല. അശുദ്ധമായ ആത്മാവുള്ള വ്യക്തിയിൽ നിന്ന് ദൈവം ആഗ്രഹിക്കുന്ന വിശുദ്ധി പുറപ്പെടുകയില്ല. അതിനാൽ വിശുദ്ധിയിൽ നിലകൊള്ളാൻ നമ്മൾ പ്രാവുകളെപ്പോലെ നിഷ്ക്കളങ്കരും സർപ്പങ്ങളെപ്പോലെ വിവേകികളും ആയിരിക്കണം.

പുൽക്കുടുകളിലെ നക്ഷത്രങ്ങളും ആകാശങ്ങളിലെ നക്ഷത്രങ്ങളും തിളങ്ങുമ്പോൾ തിളങ്ങേണ്ടത് ദൈവത്തിലുള്ള നമ്മുടെ ശക്തമായ ആശ്രയ ബോധമാണ്. ദൈവത്തെ തേടുമ്പോൾ കണ്ടുമുട്ടുന്നവയിലെല്ലാം ദൈവികത സമ്മാനമാകും. ദൈവത്തിൽ നിന്നകലുമ്പോൾ കണ്ടുമുട്ടുന്നവയൽ നിന്നെല്ലാം ശൂന്യത സമ്മാനമാകും. ശൂന്യതയോ നിറവോ ഏതാണഭികാമ്യം? ക്രിസ്തുമസ്സ് തിരഞ്ഞെടുപ്പിന്റെ സമയമാണ്. ദൈവം അഭിലഷിക്കുന്ന നന്മയുടെ നിറവാകട്ടെ നമ്മുടെ പുൽക്കൂടുകളിലെ നക്ഷത്രങ്ങൾ.